കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഉദുമ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2017-18


ജില്ലാ ഓഡിറ്റ് കാര്യാലയം,
കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-8/1188/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 05.12.2018

ഡെപ്യൂട്ടി ഡയറക്ടർ
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

ഉദുമ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഉദുമ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദുമ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ. മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 8/1188/2018 തിയ്യതി:05.12.2018

# കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി,ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-09-2018 മുതൽ 22-09-2018വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. വിനോദ് കുമാർ.സി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. യാദവകുമാര.സി.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ബാബു.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ജനാർദ്ദനൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. മുഹമ്മദലി.കെ.എ | 01-04-2017മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ. കെ.ബാലകൃഷ്ണൻ | 01-04-2017മുതൽ 07-06-2017 വരെ |
| | ശ്രീ. എസ്.സുരേഷ് ബാബു | 08-06-2017മുതൽ 16.06.2017 വരെ |
| | ശ്രീ. പി.കെ.പത്മകുമാർ (അസിസ്റ്റന്റ് സെക്രട്ടറി-ഇൻചാർജ്) | 17-06-2017മുതൽ 20-06-2017 വരെ |

| | | |
|---|---|---|
| | ശ്രീ. ജയൻ.പി. | 21-06-2017മുതൽ 30-6-2017 വരെ |
| | ശ്രീ. കൃഷ്ണ കുമാർ ടി.എ | 01-07-2017മുതൽ 17-08-2017 വരെ |
| | ശ്രീ. പി.കെ.പത്മകുമാർ (അസിസ്റ്റന്റ് സെക്രട്ടറി-ഇൻചാർജ്) | 18-08-2017മുതൽ 29-08-2017 വരെ |
| | ശ്രീ. വത്സൻ.എം | 30-08-2017മുതൽ 31-03-2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ക്രമ. നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സുരേഷ് ബാബു | 01-04-2017മുതൽ 16-06-2017 വരെ |
| | | ശ്രീ. ബോബി ഫ്രാൻസീസ് | 17-06-2017മുതൽ 01-08-2017 വരെ |
| | | ശ്രീ. പി.കെ. പത്മകുമാർ | 02-08-2017മുതൽ 31-03-2018 വരെ |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. രമ്യ, ടി.വി. | 01-04-2017മുതൽ 31-03-2018 വരെ |
| 3 | കൃഷി ഓഫീസർ | ശ്രീമതി.ഷീന.കെ.വി. | 01-04-2017മുതൽ 06-07-2017 വരെ |
| | | ശ്രീ. പ്രമോദ് കുമാർ | 07-07-2017മുതൽ 20-11-2017 വരെ |
| | | ശ്രീമതി.സത്മ.എം.സി. | 21-11-2017മുതൽ 03-12-2017 വരെ |
| | | ശ്രീ. പ്രമോദ് കുമാർ | 04-12-2017മുതൽ 31-03-2018 വരെ |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശാന്തി.കെ.പി. | 01-04-2017മുതൽ 31-03-2018 വരെ |
| 5 | വി.ഇ.ഒ | ശ്രീ. പ്രവീൺ കുമാർ.കെ.സി. | 01-04-2017മുതൽ 31-03-2018 വരെ |
| 6 | പ്രധാനാധ്യാപകൻ | ശ്രീ. ബാലകൃഷ്ണൻ നാറോത്ത് | 01-04-2017മുതൽ 31-03-2018 വരെ |
| 7 | വെറ്റിനറി സർജ്ജൻ | ഡോ.ശിവനായിക് | 01-04-2017മുതൽ 31-03-2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.മുഹമ്മദ്.എ. | 01-04-2017മുതൽ 31-03-2018 വരെ |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.സന്ധ്യ.എ.വി. | 01-04-2017മുതൽ 31-03-2018 വരെ |
| 10 | മെഡിക്കൽ ഓഫീസർ | ഡോ.മുഹമ്മദ് സഹീർ | 01-04-2017മുതൽ 31-03-2018 വരെ |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ. സുകുമാരൻ.വി. | 01-04-2017മുതൽ 31-03-2018 വരെ |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ. ജോസ്.ബാബു | 01-04-2017മുതൽ 31-03-2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | തനത് വരുമാനം. | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം. | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |

| | | |
|---|---|---|
| 13 | വസ്തു നികുതി - ഡിമാന്റ്,കളക്ഷൻ,ബാലൻസ് വിവരങ്ങളിൽ പൊരുത്തക്കേട് -പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് 61ലക്ഷം രൂപ | 2-1 |
| 14 | ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. | 2-2 |
| 15 | പരസ്യ നികുതി ചുമത്തുന്നില്ല | 2-3 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 16 | പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സ്റ്റാന്റിങ് കമ്മിറ്റികളുടെ നിരന്തര ഇടപെടൽ ആവശ്യമാണ്. | 3-1 |
| 17 | ഗ്രാമ സഭകളിൽ പങ്കാളിത്തം കുറയുന്നു- ആസൂത്രണ പ്രക്രിയയിൽ ജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. | 3-2 |
| 18 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജിനത്തിൽ വൻ കുടിശ്ശിക- സംയുക്ത പരിശോധന റിപ്പോർട്ട്- ടാപ്പുകളുടെ എണ്ണത്തിൽ പൊരുത്തക്കേട്. | 3-3 |
| 19 | ഗ്രേഡ് പ്രൊമോഷൻ ശമ്പള നിർണ്ണയം അപാകത സംബന്ധിച്ച്. | 3-4 |
| 20 | ആരോഗ്യ മേഖലയിൽ സമയബന്ധിതമായി മരുന്ന് ലഭിച്ചിട്ടില്ല. | 3-5 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 24 | വായ്പ , വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 28 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

അനുബന്ധപത്രികകൾശ്രീ. സുകുമാരൻ.വി

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 24-03-2017 ലെ 01/(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിത വരവ് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 1,70,44,813.00 | 1,90,25,205.00 |
| വരവ് | 15,04,88,000.00 | 7,63,97,223.00 |
| ആകെ | 16,75,32,813.00 | 9,54,22,428.00 |
| ചെലവ് | 16,09,68,002.00 | 8,13,01,717.00 |
| നീക്കിയിരിപ്പ് | 65,64,811.00 | 1,41,20,711.00 |

"

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31-07-2018 | 22-06-2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 09-07-2018 &10-07-2018 | കെ.എസ്.എ-കെ.എസ്.ഡി13/737/18 തി. 08-08-2018 (ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1. ആയിഉൾപ്പെടുത്തിയിട്ടുണ്ട്.) |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു

1.ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 2,33,880/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ (ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലയിം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റാതെ വർഷങ്ങളായി പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഡെഡ്യൂൾ ബി-7-(ഡെപ്പോസിറ്റ് റിസീവ്ഡ്)-ൽ തന്നെയാണ് നിലനിർത്തിയിരിക്കുന്നത്

2.ഷെഡ്യൂൾ B-4, B-9-ൽ എന്നീ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3.സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.
4.ഉദ്ദമ സർവ്വീസ് സഹകരണ ബാങ്കിന്റെ (A/c.No.1272) വർഷാന്ത്യ റീകൺസിലിയേഷൻ പത്രികയിൽ മൂന്ന് മാസത്തിലധികം പഴക്കമുള്ള ചെക്ക്.നം.010575/16.12.2017 (₹392), ചെക്ക്.നം. 010290/17.8.17(₹203) , ചെക്ക്.നം.010050/29.12.2017 (₹750), എന്നിവ ഉൾപ്പെടുത്തിക്കാണുന്നു. MGNREGS-ന്റെ സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രികയിൽ മൂന്ന് മാസത്തിലധികം പഴക്കമുള്ള ചെക്ക്.നം. 950866/11-05-2017 (₹400) ഉം ഉൾപ്പെടുത്തിക്കാണുന്നു.
5.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാന്റ്, കളക്ഷൻ , ബാലൻസ് (DCB) സ്റ്റേറ്റ് മെന്റിലെ തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
6.തൊഴിൽ നികുതി, ഡി&ഒ ലൈസെൻസ് ഫീസ് എന്നീയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
7.അഡ്വാൻസ് രജിസ്റ്റർ സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | 1,90,25,205.00 |
| വരവ് | 7,63,97,223.00 |
| ആകെ | 9,54,22,428.00 |
| ചെലവ് | 8,13,01,717.00 |
| നീക്കിയിരിപ്പ് | 1,41,20,711.00 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,07,19,000 | 2,07,19,000 | 1,75,03,922 | 32,15,078 | 84.48% |
| വികസനഫണ്ട് എസ്.സി.പി. | 0 | 28,69,247 | 28,69,247 | 8,21,167 | 20,48,080 | 28.61% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 82,968 | 82,968 | 0 | 82,968 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 94,78,000 | 94,78,000 | 94,10,600 | 67,400 | 99.28% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 46,16,000 | 46,16,000 | 43,46,783 | 2,69,217 | 94.16% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 86,56,136 | 86,56,136 | 68,68,112 | 17,88,024 | 79.34% |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 32,96,807 | 32,96,807 | 32,29,750 | 67,057 | 97.96% |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക കണക്കാക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത ഇനങ്ങളിലെ നീക്കിയിരിപ്പ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് )

ഫണ്ട് വിനിയോഗം രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17503922 | 17503922 | 17503922 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 821167 | 821167 | 821167 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9410600 | 9410600 | 9410600 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4346783 | 4346783 | 4346783 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6868112 | 6868112 | 6868112 | |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 3229750 | 3229750 | 3229750 | |
| ബി ഫണ്ട് | 0 | 809000 | 809000 | 809000 | 0 |
| TSB സംയുക്ത പദ്ധതി | 571340 | 1129000 | 1700340 | 1642951 | 57389 |
| ട്രഷറി TSB | 3386027 | 15047227 | 18433254 | 16309125 | 2124129 |
| കാനറബാങ്ക് -2093 | 121963 | 9697 | 131660 | 23381 | 108279 |
| കാനറ ബാങ്ക്-3043 | 83069 | 3193 | 86262 | 0 | 86262 |
| ഉദ്മ സഹകരണ ബാങ്ക് | 14732606 | 15737077 | 30469683 | 19539448 | 10930235 |
| കാനറ ബാങ്ക് -SGRY | 8678 | 356 | 9034 | 0 | 9034 |
| കാനറബാങ്ക് സാക്ഷരത | 55598 | 1817 | 57415 | 12720 | 44695 |
| കേരള ഗ്രാമീണ ബാങ്ക് -SSA | 13501 | 292470 | 305971 | 0 | 305971 |
| സിൻഡിക്കേറ്റ് ബാങ്ക് MGNREG | 52423 | 749806 | 802229 | 784758 | 17471 |
| SBI E-payment | 0 | 43403 | 43403 | 0 | 43403 |
| ക്യാഷ് | 0 | 393843 | 393843 | 0 | 393843 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 190 | 130 | 4 | 56 | 68.42% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2017-18 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 16 | 92,25,320 | 7 | 17,54,010 | 19.01% |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 36,55,700 | 2 | 6,61,167 | 18.08% |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 110 | 4,68,06,498 | 80 | 2,79,55,776 | 59.72% |
| 4 | കൃഷി ഓഫീസർ | 9 | 48,70,190 | 7 | 36,35,106 | 74.63% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 91,49,800 | 11 | 45,99,292 | 50.26% |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 73,73,038 | 9 | 63,57,980 | 86.23% |
| 7 | വെറ്ററനറി സർജ്ജൻ | 6 | 26,83,800 | 6 | 15,65,480 | 58.33% |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 12,75,505 | 1 | 12,75,505 | 100% |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 4 | 13,90,000 | 4 | 13,90,000 | 100% |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 3,00,000 | 1 | 3,00,000 | 100% |
| 11 | പ്രധാനാധ്യാപകൻ | 6 | 29,08,364 | 4 | 25,55,500 | 87.86% |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 6,33,000 | 1 | 6,28,923 | 99.35% |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 5,40,000 | 1 | 1,28,590 | 23.81% |
| | ആകെ | 190 | 9,08,11,215 | 134 | 5,28,07,329 | 58.15% |

| മേഖല | അംഗീകരിച്ച് പദ്ധതി പ്രകാരം 2017-18വർഷം നടപ്പാക്കേണ്ട | 2017-18വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | ചെലവ് ശതമാനം |
|---|---|---|---|

| | പദ്ധതികളുടെ വിവരം | | | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| ഉല്പാദനം | 25 | 121,94,490 | 13 | 57,55,109 | 47.19% |
| സേവനം | 82 | 380,25,165 | 59 | 226,88,318 | 59.66% |
| പശ്ചാത്തലം | 83 | 405,91,560 | 62 | 243,63,902 | 60.02% |
| ആകെ | 190 | 908,11,215 | 134 | 528,07,329 | 58.15% |

2017-18 സാമ്പത്തിക വർഷം ആകെ 190 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 134 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 70.5% മാത്രമാണ് നടപ്പിലാക്കിയത്. തൻവർഷം 110പൊതുമരാമത്ത് പ്രവൃത്തികളാണ് അംഗീകരിച്ച പദ്ധതി പ്രകാരം നടപ്പാക്കേണ്ടിയിരുന്നത് എന്നാൽ 80 മരാമത്ത് പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചുള്ളൂ. തൻവർഷം വകയിരുത്തിയ തുകയുടെ 59.72% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്. നിർവ്വഹണോദ്യോഗസ്ഥൻ സെക്രട്ടറി തൻവർഷം വകയിരുത്തിയ തുകയുടെ 19% മാത്രമാണ് ചെലവഴിച്ചത്, അതുപോലെ അസിസ്റ്റന്റ് സെക്രട്ടറി തൻവർഷം വകയിരുത്തിയ തുകയുടെ 18% മാത്രമാണ് ചെലവഴിച്ചത്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തൻവർഷം വകയിരുത്തിയ തുകയുടെ 50% മാത്രമാണ് ചെലവഴിച്ചത്, വെറ്ററിനറി സർജ്ജൻ വകയിരുത്തിയ തുകയുടെ 58% മാത്രമാണ് ചെലവഴിച്ചത്, ഫിഷറീസ് സബ് ഇൻസ്പെക്ടർ വകയിരുത്തിയ തുകയുടെ 24% മാത്രമാണ് ചെലവഴിച്ചത്. നിർവ്വഹണോദ്യോഗസ്ഥന്മാരുടെ കുറഞ്ഞ ചെലവ് ശതമാനം ഭരണ സമിതിയുടെയും ശ്രദ്ധയിൽപെടുത്തുന്നു.

കാർഷിക മേഖല

കൃഷിയും അനുബന്ധമേഖലകളും വർക്കിങ്ങ് ഗ്രൂപ്പ് ഓഡിറ്റ് വർഷം ആറ് പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. പദ്ധതി രൂപീകരണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, പദ്ധതി നടത്തിപ്പ് പുരോഗതി എന്നിവ വിവിധ യോഗങ്ങളിൽ വിഷയമായിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തെ പദ്ധതി മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. 2017-18 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായ സ്റ്റാറ്റസ് റിപ്പോർട്ട് ഗ്രാമ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച് തയ്യാറാക്കിയിട്ടില്ല. കൃഷിയുമായി ബന്ധപ്പെട്ട അവസ്ഥ വിശകലന റിപ്പോർട്ട് (നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമ പഞ്ചായത്തിന് നൽകിയത്) പ്രകാരം വരുവർഷങ്ങളിൽ നെൽകൃഷി, പച്ചക്കറികൃഷി, സുഗന്ധ വിളകൾ, ഔഷധച്ചെടികൾ തുടങ്ങിയവയുടെ വിസ്തൃതിയും, വിളവും വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിരുന്നു. വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശപ്രകാരമുള്ള പദ്ധതികൾ മിക്കവയും നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും, നവീന കൃഷിരീതികളുടെ പ്രോത്സാഹനം, ഫലവർഗ്ഗ വിളകൾ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ഫലവൃക്ഷത്തൈ വിതരണം, ചെറുകിട ജലസേചന പദ്ധതികളുടെ നിർമ്മാണം തുടങ്ങിയ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് വർഷം എട്ട് പദ്ധതികളിലായി വിവിധ ഫണ്ടിനങ്ങളിലായി 36.35 ലക്ഷം രൂപ ചെലവഴിക്കുവാൻ സാധിച്ചിട്ടുണ്ട്. ആകെ അടങ്കലിന്റെ (48.70 ലക്ഷം) 74.63% തുക ചെലവഴിക്കുവാൻ സാധിച്ചു. വാഴ കൃഷി, പച്ചക്കറികൃഷി, നെൽകൃഷി, തരിശ്ഭൂമി കൃഷി യോഗ്യമാക്കൽ, തെങ്ങ് കൃഷി( തെങ്ങ് മുറിച്ച് മാറ്റൽ) തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട ക്ലെയിം സ്റ്റേറ്റ്മെന്റുകളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ സ്ഥല പരിശോധന സാക്ഷ്യപത്രം ഉൾപ്പെടുത്തിക്കാണുന്നില്ല. അതുപോലെ മോണിറ്ററിങ്ങ് സമിതി സാക്ഷ്യപത്രങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കാർഷിക പദ്ധതി പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്ന നിർദ്ദേശവും പാലിച്ച് കാണുന്നില്ല. ഇക്കാര്യങ്ങളിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരും, വർക്കിങ്ങ് ഗ്രൂപ്പും, സ്റ്റാന്റിങ്ങ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

മൃഗസംരക്ഷണം &ക്ഷീരവികസനം

2017-18 വർഷം 4 പ്രാവശ്യം മൃഗസംരക്ഷണം &ക്ഷീരവികസനം വർക്കിങ്ങ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ട്. വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശപ്രകാരമുള്ള പദ്ധതികൾ എല്ലാം തന്നെ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്റിനറി സർജ്ജൻ ആറ് പദ്ധതികളിലായി 15.65 ലക്ഷം രൂപ തൻവർഷം വിനിയോഗിക്കുകയുണ്ടായി (ആകെ അടങ്കൽ 26.83 ചെലവ് ശതമാനം 58.33%). ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പാൽ സബ്സിഡി വിതരണ പദ്ധതിപ്രകാരം 6.28 ലക്ഷം രൂപ വിവിധ ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

<u>മത്സ്യബന്ധനം</u>

ഗ്രാമ പഞ്ചായത്തിൽ രണ്ട് മത്സ്യഗ്രാമങ്ങളിലായി 327 കുടുംബങ്ങളിലായി 1,421 മത്സ്യത്തൊഴിലാളികൾ നിവസിക്കുന്നു. ഗ്രാമ പഞ്ചായത്ത് വികസന രേഖയിൽ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ കുടിവെള്ള ക്ഷാമം, ശുചിത്വ സൗകര്യങ്ങളുടെ അപര്യാപ്തത, പഴക്കംചെന്നവീടുകൾ, സ്ഥിര വരുമാനത്തിന്റെ അപര്യാപ്തത, തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുവാനവശേഷിക്കുന്നതായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പ് യോഗത്തിൽ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഉയർന്നു വരുന്നുണ്ടെങ്കിലും പലനിർദ്ദേശങ്ങളും നടപ്പിലാക്കിക്കാണുന്നില്ല. തൻവർഷം മത്സ്യബന്ധന മേഖലയിൽ നടപ്പാക്കുന്നതിനായി മൂന്ന് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം എന്ന പ്രൊജക്ട് മാത്രമാണ് നടപ്പിലാക്കിയത്. ഇതുപ്രകാരം വികസന ഫണ്ടിൽ നിന്നും 1.28 ലക്ഷം രൂപ വിനയോഗിച്ച് 35 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്യുകയുണ്ടായി. ബന്ധപ്പെട്ട സ്കൂൾ അധികൃതർമുഖേന വിതരണം ചെയ്യണമെന്ന നിർദ്ദേശം പാലിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കൾക്ക് നേരിട്ടാണ് ഫർണിച്ചർ വിതരണം ചെയ്തത്.പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളിൽ വളരെ കുറഞ്ഞ പങ്കാളിത്തമാണ് കാണുവാൻ സാധിച്ചത്. ഇക്കാര്യങ്ങൾ പരിശോധിച്ച് മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾകണ്ടെത്തി ആയതിനനുസൃതമായ പദ്ധതികൾ ആവിഷ്കരിക്കുവാനും സമയബന്ധിതമായി നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാൻഡിങ്ങ് കമ്മിറ്റി എന്നിവ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

<u>ചെറുകിട വ്യവസായം</u>

ചെറുകിട വ്യവസായ വികസനവുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളിൽ വിവിധങ്ങളായ പദ്ധതി നിർദ്ദേശങ്ങൾ ഉയർന്ന് വരുന്നുണ്ടെങ്കിലും ഓഡിറ്റ് വർഷം ഈ മേഖലയിൽ പദ്ധതികൾ ഒന്നുംതന്നെ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. തൻ വർഷം അഞ്ച് പ്രാവശ്യം ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് യോഗം ചേരുകയുണ്ടായി. എന്നാൽ പല യോഗങ്ങളിലും വളരെ ശുഷ്കമായ പങ്കാളിത്തമാണ് കാണുവാൻ സാധിച്ചത്. 13-02-2018 ൽ ചേർന്ന വർക്കിങ്ങ് ഗ്രൂപ്പ് യോഗ മിനിട്സ് പ്രകാരം ചെയർമാൻ മാത്രമാണ് പ്രസ്തുത യോഗത്തിൽ പങ്കെടുത്തിട്ടുള്ളത്. കൂടാതെ ഈ യോഗത്തിലുയർന്നുവന്ന വിവിധ നിർദ്ദേശങ്ങളും മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചെറുകിട വ്യവസായ വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളിൽ മുഴുവൻ അംഗങ്ങളേയും പങ്കെടുപ്പിക്കുവാനും , പ്രസ്തുത യോഗങ്ങളിൽ ഉയർന്നുവരുന്ന പ്രയോഗികമായ നിർദ്ദേശങ്ങൾ, നിലവിലെ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപ്പിലാക്കുവാനും ഭരണ സമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>വിദ്യാഭ്യാസം</u>

വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നാല് പദ്ധതികളാണ് ഓഡിറ്റ് വർഷം നടപ്പിലാക്കിയത്. തുടർ വിദ്യാകേന്ദ്രത്തിന് ഫർണിച്ചർ (30,000), സാക്ഷരതാ പഠിതാക്കളുടെ പരീക്ഷാ ഫീസ് (54,700), സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫെയർ (74,800), എസ്.എസ്.എ. വിഹിതം നല്കൽ (23,96,000) എന്നീ പദ്ധതികളാണ് തൻവർഷം നടപ്പാക്കിയത്. ആകെ 59.89 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് എസ്.എസ്.എ. അധികൃതർ ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 37.25 ലക്ഷം രൂപയാണ് 31-03-2018 വരെ വിനിയോഗിക്കുവാൻ സാധിച്ചത് പദ്ധതിയ്ക്കായി കൈമാറിയ ഗ്രാമ പഞ്ചായത്ത് വിഹിതമുൾപ്പടെ മുഴുവൻ തുകയുടേയും വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-7 <u>തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 52,423 | 7,49,806 | 8,02,229 | 7,84,758 | 17,471 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,23,93,077 | 1,23,93,077 | 1,23,93,077 | 0 |
| ആകെ | 52,423 | 1,31,42,883 | 1,31,95,306 | 1,31,77,835 | 17,471 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2017-18 വർഷം 844 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 211 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം ഈ മേഖലയിൽ പ്രധാനമായും ജലസംരക്ഷണ പദ്ധതികളും ഭൂവികസനപദ്ധതികളുമാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 47,215 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 119 കുടുബങ്ങളുണ്ട്.

## 1-8 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷം തനത് നികുതി നികുതിയേതര വരുമാനയിനങ്ങളുടെ വരവിൽ 1.68% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 129,19,510 | 127,16,176 | (-) 2,03,334 | (-) 1.57% |
| നികുതിയേതര വരവുകൾ | 18,97,144 | 18,19,991 | (-) 77,153 | (-) 4.06% |
| മറ്റുള്ളവ | 11,342 | 42,348 | (+) 31,006 | (+) 273% |
| ആകെ | 148,27,996 | 145,78,515 | (-) 2,49,481 | (-) 1.68% |

## 1-9 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42,000 | 117 |
| കർഷകതൊഴിലാളി പെൻഷൻ | 40,41,100 | 337 |
| വിധവാപെൻഷൻ | 2,19,00,900 | 1817 |
| വാർദ്ധക്യകാലപെൻഷൻ | 1,81,88,600 | 1406 |
| വികലാംഗപെൻഷൻ | 56,80,100 | 471 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 14,91,100 | 128 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 5,70,000 | 19 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-09-2018 ന് (3.00 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,014/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-11 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 4 |
| 6 | ക്ലാർക്ക് | 4 |
| 7 | ഡ്രൈവർ | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | 2 |
| 9 | പാർട്ട് ടൈം പൗണ്ട്കീപ്പർ | 1 |
| 10 | ഫുൾടൈം സ്വീപ്പർ | 2 |

2017-2018 സാമ്പത്തിക വർഷം 01.06.2017 മുതൽ 30.06.2017 വരെയും 28.07.2017 മുതൽ 14.09.2017 വരെയും 01.01.2018 മുതൽ 28.02.2018 വരെയും ഒരു ക്ലാർക്ക് തസ്തിക ഒഴിഞ്ഞുകിടന്നിരുന്നു. കൂടാതെ 13.07.2017മുതൽ 10.08.2017 വരെയും 25.07.2017മുതൽ 11.08.2017 വരെയും 01.12.2017മുതൽ 03.02.2018 വരെയും ഒരു സീനിയർ ക്ലാർക്ക് തസ്തികയും ഒഴിഞ്ഞുകിടന്നിരുന്നു. ജീവനക്കാരുടെ കുറവ് ഓഫീസ് പ്രവർത്തനത്തെയും പദ്ധതിനിർവ്വഹണത്തെയും ബാധിക്കുന്നുണ്ട്.

05.05.2017 ലെ ഉത്തരവ് നം. എ2-3181/2017/എസ്.സി.1പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്.

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൌണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ. പദ്മകുമാർ.പി.കെ യുടെ ശമ്പളം ജി.ഒ.(പി) നം. 7/2016/Fin തീയതി 20.01.2016 പ്രകാരം പരിഷ്കരിച്ചത് അംഗീകാരം വാങ്ങിയിട്ടില്ല. മറ്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2017-2018 സാമ്പത്തിക വർഷം 8 തവണ ചേർന്നിട്ടുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോണ്ട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകള് കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്.

ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൌണ്ട്സുകളും അക്കൌണ്ട് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നില്ല. അക്കൌണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നില്ല. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ചില അക്കൌണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെയില്ല. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി നാളിതുവരെ ആരംഭിച്ചിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

ചെക്ക് ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്/ട്രഷറി അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഡി. സി. ബി. യിൽ വസ്തു നികുതി, തൊഴില് നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. നികുതി ഇളവുകള് കൃത്യമായ നടപടിക്രമങ്ങള് പാലിച്ചാണ് നല്കുന്നതെങ്കിലും സഞ്ചയ സോഫ്റ്റവെയറിൽ കണക്കുകൾ തയ്യാറാക്കുമ്പോൾ അപാതകകളുണ്ട്. സ്ഥാപനം നികുതി പരിവ് കാര്യക്ഷമമായി നടത്തുന്നുണ്ട്. തൻ വർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടില്ല.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. ടെണ്ടർ നടപടി ക്രമങ്ങൾ സ്ഥാപനം കൃത്യമായി പാലിക്കുന്നുണ്ട്. ഗ്രമപഞ്ചായത്തിലെ ആയുർവേദ ആശുപത്രിയ്ക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ബന്ധപ്പെട്ട സ്ഥാപനത്തിന് പണം നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഫിഷറീസ് യു.പി. സ്കൂൾ, കൊങ്ങിണിയൻവളപ്പ് അങ്കണവാടി (സെന്റർ നം-90), അംഗക്കളരി അങ്കണവാടി (സെന്റർ നം-103) എന്നിവ വാടക കെട്ടിടത്തിലാണ് പ്രവൃത്തിക്കുന്നത്. ഈ സ്ഥാപനങ്ങൾക്ക് സ്ഥിരം കെട്ടിട സംവിധാനം ഒരുക്കണം.

ഓഡിറ്റ് പഞ്ചായത്ത് ഭരമസമിതി 29 തവണ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൃത്യമായി യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06-08-2018 & 03-09-2018 | 2018 ജൂൺ, ജൂലൈ | 03-09-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമാക്കിയിട്ടില്ല. | - | - |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി - ഡിമാന്റ്,കളക്ഷൻ,ബാലൻസ് വിവരങ്ങളിൽ പൊരുത്തക്കേട് -പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് 61ലക്ഷം രൂപ

ഗ്രാമ പഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തനത് നികുതി വരവിനമായ വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയതിൽ പൊരുത്തക്കേടുകൾ ഉള്ളതായി കാണുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച വിവരങ്ങളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രികപ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് (B4-17-18) |
|---|---|---|---|
| വസ്തു നികുതി റെസിഡൻഷ്യൽ ബിൽഡിങ്ങ് (തൻവർഷം) | 35,90,367 | 40,25,576 | 6,71,042 |
| വസ്തു നികുതി നോൺ റെസിഡൻഷ്യൽ ബിൽഡിങ്ങ് (തൻവർഷം) | 62,53,504 | 24,19,617 | 25,71,037 |
| വസ്തു നികുതി റെസിഡൻഷ്യൽ ബിൽഡിങ്ങ് (കുടിശ്ശിക) | 42,98,077 (16-17ബാലൻസ് ഷീറ്റ് പ്രകാരം | 18,02,117 | 4,63,103 |
| വസ്തു നികുതി നോൺ റെസിഡൻഷ്യൽ ബിൽഡിങ്ങ് (കുടിശ്ശിക) | - | 16,30,147 | 24,04,222 |
| ആകെ | 1,41,41,948 | 98,77,457 | 61,09,404 |

വാർഷിക ധനകാര്യ പത്രകയിൽ ഉൾപ്പെടുത്തിയ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ തമ്മിൽ യാതൊരു പൊരുത്തവുമില്ലെന്ന് മേൽ പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഇത്തരത്തിൽ അപാകതയുണ്ടാകുവാനുള്ള കാരണം വിശദമാക്കേണ്ടതും, അപാകതപരിഹരിക്കുവാൻ നടപടികൾസ്വീകരിച്ച് വസ്തു നികുതിയുടെ കൃത്യമായ ഡിമാന്റ് , കളക്ഷൻ, ബാലൻസ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള 61.09 ലക്ഷം രൂപ കുടിശ്ശികയുടെ കൃത്യതയും ഉറപ്പാക്കി പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. റവന്യൂ വരവുകളുടെ പിരിവിലുള്ള കാര്യക്ഷമത ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയും, ഭരണ സമിതിയും നിരന്തരം നിരീക്ഷിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 2-2 ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

ഉദുമ ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഈ ടെണ്ടർ മുഖേന നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വേളയിൽ കരാറുകാർ ഓൺലൈനായി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട 1,05,400 രൂപ തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (കാസറഗോഡ് ) അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്. 2014-15 വർഷം മുതൽ ഈയിനത്തിൽ ലഭ്യമാവേണ്ട തുകകൾ നാളിതുവരെയും ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. പ്രസ്തുത തുകകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം പരാമർശിച്ചിട്ടുള്ളതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2014-15 വർഷം മുതൽ ഈയിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ. നമ്പർ | വർഷം | ലഭ്യമാവേണ്ട തുക | പ്രവൃത്തികളുടെ എണ്ണം |
|---|---|---|---|
| 1 | 2014-2015 | 18,300/- | 5 |
| 2 | 2015-2016 | 2,10,510/- | 32 |

| | | | |
|---|---|---|---|
| 3 | 2016-2017 | 41,990/- | 11 |
| 4 | 2017-2018 | 1,05,400/- | 48 |
| | ആകെ | 3,76,200 | 96 |

## 2-3 പരസ്യ നികുതി ചുമത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം പരസ്യനികുതി ചുമത്താവുന്നതാണ്.209ഡി വകുപ്പ് പ്രകാരം പരസ്യനികുതി ചുമത്തുന്നതിനുള്ള അവകാശം കുത്തകയ്ക്ക് നല്കാവുന്നതാണ്.പരസ്യനികുതി സംബന്ധിച്ച മാതൃകാ ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ 18-05-2005 ലെ സി.5-15253/2004 ഉത്തരവിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്തിൽ പരസ്യനികുതി ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സ്റ്റാന്റിങ് കമ്മിറ്റികളുടെ നിരന്തര ഇടപെടൽ ആവശ്യമാണ്.

2017-18സാമ്പത്തിക വർഷം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 24 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 16പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 15 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 24 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. ചുവടെ ചേർക്കുന്ന കാര്യങ്ങൾ വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ ശ്രദ്ധയിൽപെടുത്തുന്നു.

1).പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 75.38 ലക്ഷം രൂപ വിനിയോഗിക്കാൻ സാധിച്ചില്ല.

വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽനിന്നും വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 4.97 കോടി രൂപ (₹ 4,97,18,158/-) അനുവദിച്ചിട്ടുണ്ട്. ഇതിൽ 4.22 കോടി രൂപ (₹ 42,180,334/-) മാത്രമാണ് ഗ്രാമ പഞ്ചായത്ത് തൻവർഷം വിനിയോഗിച്ചത്. സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ 75.38 ലക്ഷം രൂപ (₹75,37,824/-) വിനിയോഗിക്കാൻ സാധിച്ചില്ല. അതായത് വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയുടെ 22.58% തുകയും ചെലവ് ചെയ്യാത്തതിനാൽ ലാപ്സാവുകയാണുണ്ടായത്. (ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു).

| ഫണ്ടിനം | അനുവദിച്ച തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | വിനിയോഗ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2,07,19,000 | 1,75,03,922 | 32,15,078 | 84.48 |
